# പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ.

(ഹാജർ: പി. മേരിക്കുട്ടി ഐ.എ.എസ്.)

വിഷയം:- പഞ്ചായത്ത് വകുപ്പ് - ഭരണജാഗ്രത - കൊല്ലം ജില്ല - കുന്നത്തൂർ ഗ്രാമപഞ്ചായത്ത് - സീനിയർ ക്ലർക്ക് - ശ്രീ. നൗഷാദിനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് - ഉത്തരവാകുന്നു.

പരാമർശം:- (1) സർക്കാരിന്റെ 31.01.2017-ലെ 78/ഉപ.സി.2/2017/ഉഭപവ നമ്പർ പരിപത്രം.
(2) ഈ ആഫീസിലെ 26.09.2017-ലെ ഡി5-33147/17 നമ്പർ സർക്കുലർ

## ഉത്തരവ് നമ്പർ ഡി6- 3233/18 തീയതി: 31.01.2018

കൊല്ലം ജില്ലയിലെ കുന്നത്തൂർ ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീ. നൗഷാദ്. എ, കേരള മുഖ്യമന്ത്രിയെ ബോധപൂർവ്വം അപകീർത്തിപ്പെടുത്തണമെന്ന ഉദ്ദേശത്തോടുകൂടി മുഖ്യമന്ത്രിയുടെ സ്ഥാനമാനത്തിന് ഹാനികരമാകുന്ന രീതിയിലും അവമതിപ്പുണ്ടാകുന്ന തരത്തിലുള്ള ചിത്രങ്ങളും, വാചകങ്ങളും, നവമാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ച് സമൂഹത്തിൽ ഉന്നതസ്ഥാനം അലങ്കരിക്കുന്നവരുടെ സൽപ്പേരിന് കളങ്കം വരുത്തി, അപമാനിക്കുന്ന തരത്തിൽ നടത്തിയ പ്രവർത്തി കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടം 60 പ്രകാരം കടുത്ത നിയമ ലംഘനവും, പെരുമാറ്റ ചട്ട ലംഘനവുമാണ്.

ഒരു സർക്കാർ ഉദ്യോഗസ്ഥനായിരിക്കെ മുഖ്യമന്ത്രിയെ അപമാനിച്ചതും, വ്യക്തിഹത്യ നടത്തിയതും കണക്കിലെടുത്ത് 1950 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 10(1) പ്രകാരം കൊല്ലം കുന്നത്തൂർ ഗ്രാമപഞ്ചായത്ത് സീനിയർ ക്ലാർക്ക് ശ്രീ. നൗഷാദിനെ വിശദമായ അന്വേഷണത്തിന് മുന്നോടിയായി അച്ചടക്ക നടപടിക്ക് വിധേയമായി സർവ്വീസിൽ നിന്നും ഉടൻ പ്രാബല്യത്തിൽ സസ്പെന്റ് ചെയ്തുകൊണ്ട് ഉത്തരവാകുന്നു.

ശ്രീ. നൗഷാദിന് കെ.എസ്. ആർ. അനുശാസിക്കും പ്രകാരമുള്ള ഉപജീവന ബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)
പി. മേരിക്കുട്ടി ,ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

ശ്രീ. നൗഷാദ് , സീനിയർ ക്ലർക്ക്
കുന്നത്തൂർ ഗ്രാമപഞ്ചായത്ത്
(പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം മുഖേന )

പകർപ്പ്: (1) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം (ഉത്തരവ് നടപ്പിൽ വരുത്തി വിവരം ഈ ആഫീസിൽ അറിയിക്കേണ്ടതാണ്.)
(2) സെക്രട്ടറി, കുന്നത്തൂർ ഗ്രാമപഞ്ചായത്ത്.
(3) സൂപ്രണ്ട്, ഇ-സെക്ഷൻ
(4) പ്രസിഡന്റ്, കുന്നത്തൂർ ഗ്രാമപഞ്ചായത്ത്.
(5) കരുതൽ/അധികം

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

ലി/31/1